


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ


*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

**കൈത്താ രണ്ടാം ഞായർ**

2024
ജൂലൈ 14

# വെട്ടിമാറ്റപ്പെടണോ കോതി ഒരുക്കപ്പെടണോ

നിയ 28:1–14; പ്രഭാ 10:19–25; റോമ 11:17–24; യോഹ 15:1–8

## തായ്തണ്ടും ശാഖകളും

കർഷകനായ ഒരപ്പച്ചനുണ്ടായിരുന്നു. ഒരിക്കൽ നല്ല എരിവും ചുനമണവുമുള്ള കാന്താരി മുളകിന്റെ ഒരു തൈ തന്നിട്ട് പറഞ്ഞു, ‘കായ പിടിക്കാതെ ആർത്ത് വളരുന്ന കമ്പുകളെ വെട്ടി കളയണം. മുളകുണ്ടാകുന്ന തണ്ടിന് മുരടിപ്പ് കണ്ടാൽ അതൊന്ന് കോതി നിറുത്തണം. കുറേ അധികം വർഷം വിള തരുന്ന ഇനമാണ്’.

അപ്പച്ചൻ മരിച്ചിട്ട് നാലു വർഷമായി. പക്ഷെ അന്നത്തെ ആ മുളകുതൈ ഉറപ്പുള്ള ഒരു ചെടിയായി ആവും പോലെ കായ്ച്ച് ഇന്നും മുറ്റത്തുണ്ട്. ഇന്നത്തെ വചനത്തിന്റെ പ്രായോഗിക വശമായിരുന്നു അന്ന് കേട്ടത്. രണ്ട് കാര്യങ്ങളാണ് പ്രധാനം. ഒന്ന് ഫലം തരാതെ ഇലകൾ മാത്ര മായി ആർത്ത് വളരുന്നവ ഉറപ്പായും വെട്ടി മാറ്റപ്പെടും. രണ്ട്, കൂടുതൽ വിള നൽകാൻ വേണ്ടി കായ്ഫലം തരുന്നവ കോതി ഒരുക്കപ്പെടും.

ഈ ആദ്യ ഭാഗവുമായി ഏറെ സാമ്യമുള്ള മറ്റൊരുകഥ വേദ പുസ്തകത്തിൽ തന്നെ നമുക്ക് കാണാനാകും. പാതയോരത്തെ ഒരു അത്തി വൃക്ഷം ഈശോയാൽ ശപിക്കപ്പെടുന്നു.

ഈ ശാപത്തിന്റെ കഥയെഴുതിയ സുവിശേഷകൻ ഒരു കുഞ്ഞു വരി സവിശേഷമായി കൂട്ടിച്ചേർത്തിട്ടുണ്ട്. അത് അത്തിപ്പഴങ്ങളുടെ കാലമല്ലായിരുന്നു. ആ വരിയാണ് കഥയിലെ ഏറ്റവും വലിയ ഹൈലൈറ്റ്. വൃക്ഷങ്ങൾ എല്ലാം തന്നെ പ്രകൃതിയുടെ താളക്രമം അനുസരിച്ച് മാത്രം പൂക്കുകയും കായ്ക്കുകയും ചെയ്യുന്നവയാണെന്ന് അറിവുള്ള, കനിവിന്റെ പൊന്നുതമ്പുരാൻ ഫലം കായ്ക്കാത്ത കാലത്ത് ഫലം നൽകാത്ത ഒരു പാവം വൃക്ഷത്തെ മാത്രം ശപിച്ചത് എന്തുകൊണ്ടാവും?




മരിയ റാൻസം

ഇതിനെ കുറിച്ചുള്ള ഒരു പ്രധാനപ്പെട്ട അനുമാനം ഇങ്ങനെയാണ്.

അത്തിമരത്തിന്റെ പ്രകൃത്യാലുള്ള സ്വഭാവമനുസരിച്ച് അതിൽ ഇലകളുണ്ടെങ്കിൽ നിശ്ചയമായും അത്തിപ്പഴങ്ങളുമുണ്ടാകും. ഈ അത്തിമരമാകട്ടെ കാഴ്ചക്കാരെ കബളിപ്പിക്കും വിധം നിറയെ ഇലചൂടി നിന്നിരുന്നത്രെ. ഫലത്തിന് പകരമാവില്ലല്ലോ ഇലച്ചാർത്ത്!

അകാലത്തിൽ അത്ഭുത ഫലം ആവശ്യപ്പെടുന്നവനല്ല തമ്പുരാൻ. ഫലമില്ലാതെയുള്ള ആർത്ത് വളരുന്ന ചില്ലകളുടെ കടയ്ക്കലാണ് അവൻ കോടാലി വയ്ക്കുന്നത്.

ഓരോ പ്രാവശ്യവും ഈ ശാപകഥ വായിക്കുമ്പോൾ വല്ലാതെ നടുക്കം അനുഭവപ്പെടാറുണ്ട്. എന്റെ വാക്കുകൾ, നിലപാടുകൾ, എഴുത്തുകൾ, പ്രവൃത്തികൾ, ചങ്ങാത്തങ്ങൾ, കെട്ടുകാഴ്ചകൾ ഒക്കെയും എന്റെ ഫലരാഹിത്യങ്ങളെ മറച്ചു പിടിക്കാൻ ഞാൻ കണ്ടെത്തിയ പച്ചിലകൾ ആണോ? എത്രയോ പച്ചിലകളുടെ മൂടുപടമണിഞ്ഞാണല്ലേ യഥാർത്ഥ മനുഷ്യൻ ഒളിച്ചു നിൽക്കുന്നത്? ഉള്ളതിൽ കൂടുതൽ മേന്മ നടിച്ചാൽ പിടിക്കപ്പെടും എന്ന് സാരം.

## ഹൃദയസുതാര്യത

സിൻസിയർ ആയി - ഉള്ളും ഉണ്മയും വെളിവാക്കി - ജീവിക്കാൻ വലിയ ധൈര്യം ആവശ്യമുണ്ടല്ലോ? സിൻസിയർ എന്ന പദമാണ് ഹൃദയസുതാര്യതയ്ക്ക് ഇംഗ്ലീഷിൽ നാം ഉപയോഗിക്കുന്നത്. ആ പദം രൂപപ്പെട്ടത് 2 ലത്തീൻ പദങ്ങളിൽ നിന്നത്രെ സീനേ, സീരാ. ഈ വാക്കുകളുടെ നാൾവഴി ഇപ്രകാരമാണ്.

മരത്തടികൾക്ക് പോടുകളും ക്രമഭംഗങ്ങളും ഉണ്ടാവുക സ്വാഭാവികം. അവയെ മെഴുകുപയോഗിച്ച് മറച്ചും ചാരുതപ്പെടുത്തിയും പോടുകളടച്ചുമാണ് നമ്മൾ മരസാമഗ്രികൾ ഉണ്ടാക്കുന്നത്. ഒരിക്കൽ കുറെ തടിക്കച്ചവടക്കാർ ഒരുമിച്ച് തീരുമാനിച്ചു, നമുക്ക് മെഴുകുമറയില്ലാതെ തടിത്തരങ്ങൾ വിൽക്കാം. അത്തരം ഫർണിച്ചർ മാർട്ടുകൾക്ക് പുറത്ത് അവർ ഒരു ലേബൽ പതിപ്പിച്ചു. സിനേ സിരാ, അർത്ഥം മെഴുകില്ലാതെ. മെഴുകുകൊണ്ട് ജീവിതത്തിന്റെ ഉൾപോടുകളെ മറക്കാൻ ഇഷ്ടമില്ലാത്തവർ -പച്ചിലച്ചാർത്തണിഞ്ഞ് ഫലമുണ്ടെന്ന് കാഴ്ചക്കാരെ തെറ്റിദ്ധരിപ്പിക്കാതെ - സിൻസിയറായി എന്നും തായ്ത്തടിയോട് ചേർന്ന് ജീവിക്കാൻ അർഹരാകുന്നു. തായ്തണ്ടിന് ശിഖരങ്ങളിലൂടെ മാത്രമേ ഫലം പുറപ്പെടുവിക്കൽ സാധ്യമാകൂ ഈ ഭൂമിയിൽ തന്റെ ഇഷ്ടം നടപ്പിലാക്കാൻ തമ്പുരാൻ തന്റെ തായ്തണ്ടിനോട് ചേർത്ത് വളർത്തിയ ശാഖകളാണ് നാമോരോരുത്തരും. തായ്ത്തണ്ടിൽ നിന്ന് ആവശ്യമായ കൃപകൾ സ്വീകരിച്ച് യഥാകാലം ഫലം പുറപ്പെടുവിക്കാൻ നമുക്കാവട്ടെ.

## വെട്ടിയൊരുക്കലാണ് വെട്ടി ഒതുക്കലല്ല

ഉദ്യാനപാലനത്തിലെ ഏറെ ശ്രദ്ധ ആവശ്യമായ ഒരു കലയാണ് കോതിയൊരുക്കൽ. ശിഖരങ്ങളിൽ മുരടിപ്പുള്ളതും നിലനിറുത്തേണ്ടതും ഏതെന്ന് വേർതിരിച്ചറിയണം. ഒരു ചെടി എപ്രകാരമാണ് വളർന്ന് വരേണ്ടതെന്ന ദീർഘവീക്ഷണം ഉള്ള ഒരാൾക്കേ എവിടെ വച്ചാണ് ശാഖ മുറിച്ച് മാറ്റേണ്ടതെന്ന് അറിയാൻ സാധിക്കുകയുള്ളു. കാരണം വെട്ടിയൊരുക്കലാണ് ഈ പ്രക്രിയ, വെട്ടി ഒതുക്കലല്ല. ഏറെ മിസ്റ്റിക്കലായ ഒരു പാഠമായി തന്നെ ഇതിനെ അറിയേണ്ടതുണ്ട്. ശിക്ഷണത്തിനും ശിക്ഷയ്ക്കും ഇടയിൽ നേർത്തു നേർത്തു വരുന്ന വരയെ കുറിച്ച് വലിയ നിലവിളികൾ ഉയരുന്നുണ്ട്. ചില നിഷ്ഠകളും കാർക്കശ്യങ്ങളും നവീകരണമെന്ന പേരിൽ അവതരിപ്പിക്കുമ്പോൾ പോലും അതിൽ സ്നേഹത്തിന്റെയും നന്മയുടെയും വിരൽമുദ്ര നിർബന്ധമായും ഉണ്ടാവണം ശിക്ഷണത്തിന് പോലും ഒരു കൂടെ നടപ്പാവശ്യമുണ്ട്. നിരന്തരമായി ചെടികളെ നിരീക്ഷിക്കുന്ന -കൂടെ നടക്കുന്ന -ഒരാൾക്ക് മാത്രം സാധ്യമാകുന്ന ഒന്നാണ് കോതിയൊരുക്കൽ. മുരടിപ്പ് അനുഭവപ്പെടുന്ന ഇടങ്ങളെ ദീർഘ വീക്ഷണത്തോടെയും, ദൈവിക കരുണയോടെയും നോക്കി കാണാനും കഴിയണം. ശേഷം ക്ഷമയോടെയും കരുതലോടെയും ആവശ്യത്തിലും അധികമായ സ്നേഹത്തോടെയും അത്തരം ഇടങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും അവരെ ശ്രവിക്കാനും ചേർത്ത് പിടിച്ച് നേർവഴിക്ക് നയിക്കാനും സഹായിക്കണം.

വ്യക്തിജീവിതത്തിലും ഇത്തരം കോതിയൊരുക്കലുകൾ സംഭവിക്കുന്നുണ്ട്. വളർച്ചയാണെന്ന് തെറ്റിദ്ധരിച്ച് നമ്മൾ കൊണ്ടു നടക്കുന്ന ചില ബന്ധങ്ങൾ, ചില ശീലങ്ങൾ, പച്ചിലച്ചാർത്തുകൾ ഒക്കെയും ചിലപ്പോൾ നല്ല തമ്പുരാൻ കോതി ഒരുക്കാറുണ്ട്. ഞാനും നിങ്ങളും ഈ അനുഭവത്തിലൂടെ പലവട്ടം കടന്ന് പോയിട്ടുണ്ടാകാം. മൃതമായിരുന്നവ വെട്ടിയൊരുക്കപ്പെട്ട അവസരങ്ങളിലെ വേദന പിന്നീട് കൂടുതൽ വളർച്ചക്ക് വഴിയൊരുക്കിയ ആനന്ദമായി മാറിയിട്ടുമുണ്ടാകാം.

ശ്ലീഹക്കാലം കഴിഞ്ഞു വരുന്ന ഏഴാഴ്ചകളാണ് കൈത്താക്കാലം. ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ട സഭ ലോകമെങ്ങും വളർന്നു വികസിച്ചു വിശ്വാസത്തിന്റെയും സുകൃതത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെ കുറിച്ചാണു ഈ കാലഘട്ടം അനുസ്മരിക്കുന്നത്. ഒരു കുഞ്ഞ് തിരുത്തലോ താക്കീതോ ഇല്ലാതെ ശിക്ഷണത്തിലൂടെ വ്യക്തികളെയും സഭയെയും സമൂഹത്തെയും നയിച്ച ഗുരുക്കന്മാരായ ധാരാളം പേരെ ഓർമ്മ വരുന്നുണ്ട്.

തായ്തണ്ടിനോട് ചേർന്ന് മാത്രമുള്ള വളർച്ച, ഇലച്ചാർത്തുകളുടെ കെട്ടുകാഴ്ച്ചകളില്ലാത്ത സിൻസിയറായ ജീവിതം, വെട്ടിയൊ രുക്കപ്പെടാൻ സന്നദ്ധമായ മനസ്സ് ഇവയെല്ലാം ചേരുന്ന തണ്ടുകൾ വെട്ടി തീയിൽ എറിയപ്പെടില്ല. വെട്ടിയൊരുക്കി തമ്പുരാൻ സംരക്ഷിച്ച് വളർത്തും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com